ക്രമപ്രശ്നം

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച സുപ്രീംകോടതി വിധിയും അതിനെത്തുടർന്നുണ്ടായിട്ടുള്ള സംഭവങ്ങളുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അപ്പോൾ സ്വാഭാവികമായും അഡ്വക്കേറ്റ് ജനറലിന്റെ സാന്നിദ്ധ്യം ഇവിടെ ആവശ്യമാണ്. ഭരണഘടന 177 പ്രകാരം അത് അനുവദനീയവുമാണ്. ബഹുമാനപ്പെട്ട സ്പീക്കർ അത് ഇൻവോക്ക് ചെയ്യണമെന്നുള്ളതാണ് എന്റെ അഭിപ്രായം. സർ, ചട്ടം 130 പ്രകാരം ഇതേ വിഷയംതന്നെ 1993 മാർച്ച് 31-നും 2001 ഡിസംബർ 7-നും 2009 ജൂലൈ 24-നും 2011 ഡിസംബർ 9-നും നമ്മൾ ഇവിടെ ചർച്ച ചെയ്തു. 2011 ഡിസംബർ 9-ന് മുഖ്യമന്ത്രി ഉപക്ഷേപപ്രകാരമുള്ള ചർച്ചക്കുശേഷം സബ്സ്റ്റാന്റീവ് മോഷൻ കൊണ്ടുവന്നു. അതിനുശേഷമാണ് സുപ്രീംകോടതിയുടെ വിധിയുണ്ടായിരിക്കുന്നത്. 2014 മേയ് 7-ന്റെ സുപ്രീംകോടതി വിധിയിൽ 2006 ഫെബ്രുവരി 27-ന്റെ സുപ്രീംകോടതി വിധിയിൽ എന്താണോ പറഞ്ഞത് അത് പരിപൂർണ്ണമായും അപ്ഹോൾഡ് ചെയ്യുകയാണ്. നമ്മുടെ മുമ്പിൽ എന്തെങ്കിലുമൊരു വഴിയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. മാത്രവുമല്ല തമിഴ്നാടിന് അനുകൂലമായ ഈ വിധി സമ്പാദിക്കുന്നതിൽ, ഞാൻ വളരെ ഉത്തരവാദിത്വബോധത്തോടുകൂടി പറയുന്നു, സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്ന വീഴ്ചയുടെ ഒരു പ്രധാനപ്പെട്ട............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങയുടെ ക്രമപ്രശ്നം അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തണമെന്നതാണ്. ആ ഭാഗത്തേയ്ക്ക് വരൂ.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അഡ്വക്കേറ്റ് ജനറലിനെ വിളിക്കണമെന്ന് ഞാൻ പറഞ്ഞതിന്റെ പ്രധാന കാരണം എന്താണെന്ന് ഈ സഭ അറിയണ്ടേ. ഈ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ഇത് ഇന്റർസ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ടാണെന്ന് സംസ്ഥാനം പറഞ്ഞുവെന്ന് സുപ്രീംകോടതി പറഞ്ഞു. അങ്ങനെയൊരു നിലപാട് നമ്മൾ എടുത്തിട്ടുണ്ടോ? അത് ഇവിടെ പറയാൻ പറ്റില്ലല്ലോ. അഡ്വക്കേറ്റ് ജനറൽ പറയേണ്ടേ. മുല്ലപ്പെരിയാർ ഡാം പൊട്ടിയാലും ഇടുക്കി ഡാമിന് ഇത് താങ്ങാൻ പറ്റും. പൊട്ടിയാലും നമ്മൾ റീഹാബിലിറ്റേറ്റ് ചെയ്യും. അഫിഡവിറ്റ് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ കോടതിയിൽ കൊടുത്തു. ആ അഫിഡാവിറ്റാണ് ബഹുമാനപ്പെട്ട ജയലളിതയും കരുണാനിധിയും പരസ്യം കൊടുത്തതും സുപ്രീംകോടതിയിൽ ഹാജരാക്കിയതും. ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിന്റെയും നിയമവകുപ്പിന്റെയും ഭാഗത്തുനിന്നുവന്ന വീഴ്ചകളും, ഞങ്ങൾ പറയുമ്പോൾ, നിങ്ങൾ പറയുന്നതല്ല ശരി, ഞങ്ങൾ ഈ സ്റ്റാന്റാണ് എടുത്തത് എന്ന് ക്ലിയർ ചെയ്യേണ്ടതും ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലാണ്. ആ അഡ്വക്കേറ്റ് ജനറലിന്റെ അഭാവത്തിൽ ഇത് ചർച്ച ചെയ്താൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉദ്ദേശിക്കുന്നരൂപത്തിൽ ഇതിന്റെ ഔട്ട്കം വരില്ല. അതുകൊണ്ട് ഒരു വ്യക്തത ഇവിടെയുള്ള നിയമ സാമാജികൻമാർക്കും ഗവൺമെന്റി

നുണ്ടാകണം. ഗവൺമെന്റിന് എതിരായി തിരിയേണ്ട ആവശ്യമില്ല. പക്ഷേ ഗവൺമെന്റ് ഇതിന് അനുകൂലമല്ല. ബഹുമാനപ്പെട്ട ജയലളിതയ്ക്ക് അനുകൂലമായിട്ടുള്ള നിലപാടാണ് അഡ്വക്കേറ്റ് ജനറലെടുത്തത് എന്ന ആക്ഷേപം മുമ്പ് വന്നു. ആ അഭിപ്രായമല്ല എനിക്കുള്ളത് എന്ന് ബഹുമാനപ്പെട്ടപി. ജെ. ജോസഫ് ഇവിടെ പറഞ്ഞു കഴിഞ്ഞു. ആ സാഹചര്യത്തിൽ ഭരണഘടന 177 ഇൻവോക്ക് ചെയ്യാൻ ബഹുമാനപ്പെട്ട സ്പീക്കർ ഈ അവസരത്തിലെങ്കിലും തയ്യാറാകണം. ഇതോടുകൂടി ക്ലിയർ ചെയ്യണം.

(മി. ഡെപ്യൂട്ടി സ്പീക്കർ)